കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- തിരുവനന്തപുരം ജില്ല -മലയിൻകീഴ് ഗ്രാമപഞ്ചായത്ത് -സ്ഥലത്തിന്റെ ഉടമസ്ഥാവകാശം രജിസ്ട്രേഷൻ വകുപ്പിന് കൈമാറുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ആർ.സി) വകുപ്പ്

സ.ഉ (സാധാ)നം.3565/2012/തസ്വഭവ തീയതി, തിരുവനന്തപുരം 22-12-2012

പരാമർശം: 1) സ.ഉ.(സാധാ)നം.1089/2010/തസ്വഭവ തീയതി 27-3-10

2) മലയിൻകീഴ് ഗ്രാമ പഞ്ചായത്തിന്റെ 27/7/2012 ലെ 5 (13)നമ്പർ തീരുമാനം

3) മലയിൻകീഴ് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 10-8-12 ലെ എ2/3351/10 നമ്പർ കത്ത്

4) പഞ്ചായത്ത് ഡയറക്ടറുടെ 21/11/2012 ലെ സി -33560/12 നമ്പർ കത്ത്

## ഉത്തരവ്

തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ് ഗ്രാമപഞ്ചായത്തിൽ സബ് രജിസ്ട്രാർ ഓഫീസിനാവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് വക മലയിൻകീഴ് വില്ലേജ് റി.സ 10/3 ൽപ്പെട്ട 2.83 ആർ സ്ഥലം, അതിന്റെ ഉടമസ്ഥാവകാശം ഗ്രാമപഞ്ചായത്തിൽ നിലനിർത്തിക്കൊണ്ട് രജിസ്ട്രേഷൻ വകുപ്പിന് വിട്ടുനൽകുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു. എന്നാൽ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്ന തുക വിനിയോഗിക്കണമെങ്കിൽ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം രജിസ്ട്രേഷൻ വകുപ്പിന് കൈമാറുന്നതിന് പരാമർശം (2) പ്രകാരം ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുകയും സർക്കാരിന്റെ അനുമതിയ്ക്ക് അപേക്ഷിക്കുകയും ചെയ്തു. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം രജിസ്ട്രേഷൻ വകുപ്പിന് കൈമാറുന്നത് പരിഗണിക്കാവുന്നതാണെന്ന് പരാമർശം (4) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവ് പ്രകാരം ഉടമസ്ഥാവകാശം ഗ്രാമപഞ്ചായത്തിൽ നിലനിർത്തിക്കൊണ്ട് രജിസ്ട്രേഷൻ വകുപ്പിന് വിട്ടുനൽകുന്നതിന് അനുമതി നൽകിയ മലയിൻകീഴ് വില്ലേജ് റി.സ 10/3 ൽപ്പെട്ട 2.83 ആർ സ്ഥലത്തിന്റെ പൂർണമായ ഉടമസ്ഥാവകാശം രജിസ്ട്രേഷൻ വകുപ്പിന് കൈമാറുന്നതിന് മലയിൻകീഴ് ഗ്രാമ പഞ്ചായത്തിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

ഷൈനി ജോർജ്ജ്

അണ്ടർ സെക്രട്ടറി.

1. സെക്രട്ടറി, മലയിൻകീഴ് ഗ്രാമ പഞ്ചായത്ത്, മലയിൻകീഴ്
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ,ലോക്കൽ ഫണ്ട്, തിരുവനന്തപുരം
4. ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ, തിരുവനന്തപുരം
5. പ്രിൻസിപ്പൽ എ.ജി(ഓഡിറ്റ്) കേരള, തിരുവനന്തപുരം
6. പ്രിൻസിപ്പൽ എ.ജി(എൽബിഎ&എ) കേരള, തിരുവനന്തപുരം
7. മാനേജിംഗ് ഡയറക്ടർ,കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം
8. ഇൻഫർമേഷൻ കേരള മിഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
9. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.